REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-12-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഇന്ന് നാവികസേനാ ദിനം. ഒഡീഷയിലെ പുരി ബ്ലൂ ഫ്ലാഗ് ബീച്ചിൽ നാവികസേനാ ദിനാഘോഷത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു മുഖ്യാതിഥിയായി പങ്കെടുക്കും.**
- **നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ വിജയിച്ച രാഹുൽ മാങ്കൂട്ടത്തിലും UR. പ്രദീപും നിയമസഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തു.**
- **യൂറോപ്യൻ ബഹിരാകാശ ഏജൻസിയുടെ ഇരട്ട ഉപഗ്രഹ ദൗത്യമായ പ്രോബ-3 PSLV-C59 ഉപയോഗിച്ച് ISRO വൈകീട്ട് വിക്ഷേപിക്കും.**
- **അകാലിദൾ നേതാവും പഞ്ചാബ് മുൻ ഉപ മുഖ്യമന്ത്രിയുമായ സുഖ്ബീർ സിംഗ് ബാദലിനു നേരെ വധശ്രമം.**
- **സഹകരണ മേഖലയ്ക്ക് ശക്തമായി മുന്നോട്ടുപോകാൻ നിയമ ഭേദഗതികളിലൂടെ ഗവണ്മെന്റ് വഴി ഒരുക്കിയിട്ടുണ്ടെന്ന് മന്ത്രി VN വാസവൻ.**
- **ISL ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് FC, FC ഗോവയെ നേരിടും.**

## വാർത്തകൾ വിശദമായി

ഇന്ന് നാവികസേനാ ദിനം. രാജ്യത്തിന്റെ സമുദ്രാതിർത്തി സംരക്ഷണത്തിൽ നിർണായക പങ്കുവഹിക്കുന്ന നാവിക ഉദ്യോഗസ്ഥരുടെ വീരോചിത പരിശ്രമങ്ങൾക്ക് ആദരം നൽകാനാണ് എല്ലാ വർഷവും ഡിസംബർ നാലിന്

നാവികസേനാ ദിനം ആചരിക്കുന്നത്. നവീകരണത്തിലൂടെയും സ്വദേശി വൽക്കരണത്തിലൂടെയും കരുത്തും ശക്തിയുമെന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

1971-ലെ ഇന്ത്യ-പാകിസ്താൻ യുദ്ധത്തിൽ തുറമുഖ നഗരമായ കറാച്ചിക്കുനേരെ നടത്തിയ ട്രൈഡന്റ് ദൗത്യത്തിന്റെ സ്മരണാർത്ഥമാണ് ഡിസംബർ നാല് ദിനാചരണത്തിന് തിരഞ്ഞെടുത്തത്.

✪✪✪

ഒഡീഷയിലെ പുരി ബ്ലൂ ഫ്ലാഗ് ബീച്ചിൽ നാവികസേനാ ദിനാഘോഷത്തിൽ ഉച്ച കഴിഞ്ഞ് രാഷ്ട്രപതി ദ്രൗപതി മുർമു മുഖ്യാതിഥിയായി പങ്കെടുക്കും. മിഗ്-29കെ, ഹോക്ക് യുദ്ധവിമാനങ്ങളുടെ വ്യോമാഭ്യാസങ്ങൾ, മാർക്കോസിന്റെ യുദ്ധ അഭ്യാസങ്ങൾ, അന്തർവാഹിനി പ്രവർത്തനങ്ങൾ, ആംഫിബിയസ് ലാൻഡിംഗുകൾ, യുദ്ധക്കപ്പലുകളുടെ റോക്കറ്റ് ഫയറിംഗ് എന്നിവ ചടങ്ങിൽ അവതരിപ്പിക്കും.

✪✪✪

സമാനതകളില്ലാത്ത ധൈര്യത്തോടെയും അർപ്പണബോധത്തോടെയും രാജ്യത്തെ സമുദ്രാതിർത്തി സംരക്ഷിക്കുന്ന ഇന്ത്യൻ നാവികസേനയിലെ ധീരരായ ഉദ്യോഗസ്ഥരെ അഭിവാദ്യം ചെയ്യുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. അവരുടെ പ്രതിബദ്ധത നമ്മുടെ രാജ്യത്തിന്റെ കരുത്തും സുരക്ഷയും സമൃദ്ധിയും ഉറപ്പാക്കുന്നതായും  നാവിക സേനാ ദിനാശംസ നേർന്ന് അദ്ദേഹം എക്സ് പോസ്റ്റിൽ കുറിച്ചു.

✪✪✪

നാവികസേനാ ദിനത്തോടനുബന്ധിച്ച് ഇന്ത്യൻ നാവികസേനാംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ആശംസ നേർന്നു. ദേശീയ സുരക്ഷയിലും സമുദ്രാതിർത്തി കാക്കുന്നതിലും നാവികസേന വഹിക്കുന്ന പങ്ക് സുപ്രധാനമാണെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

✪✪✪

അത്യാധുനിക സാങ്കേതികവിദ്യയ്ക്ക് അനുസൃതമായി റെയിൽവേ ട്രാക്കുകൾ തുടർച്ചയായി നവീകരിക്കുന്നുണ്ടെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഓട്ടോമാറ്റിക് ട്രെയിൻ പ്രൊട്ടക്ഷൻ സിസ്റ്റം 'കവാച്ച്' വികസിപ്പിക്കുന്നത് പൂർത്തിയായതായി അദ്ദേഹം ചോദ്യോത്തര വേളയിൽ ലോക്സഭയിൽ അറിയിച്ചു. ഓരോ യാത്രക്കാരനും യാത്രാ സബ്സിഡി നൽകാനാണ് റെയിൽവേ ലക്ഷ്യമിടുന്നതെന്നും  റെയിൽവേ  മന്ത്രി പറഞ്ഞു.

✪✪✪

നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ വിജയിച്ച രാഹുൽ മാങ്കൂട്ടത്തിലും UR. പ്രദീപും നിയമസഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തു.

നിയമസഭാ മന്ദിരത്തിലെ R ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടന്ന ചടങ്ങിൽ സ്പീക്കർ A N ഷംസീർ, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് VD സതീശൻ, മന്ത്രിമാർ, MLA മാർ തുടങ്ങിയവർ പങ്കെടുത്തു.

UR. പ്രദീപ് ചേലക്കരയിൽ നിന്നും രാഹുൽ മാങ്കൂട്ടത്തിൽ പാലക്കാട് നിന്നുമാണ് നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. രാഹുൽ മാങ്കൂട്ടത്തിൽ ആദ്യമായാണ് നിയമസഭാംഗമാകുന്നത്. UR. പ്രദീപിന്റെ രണ്ടാം ഊഴമാണിത്

✪✪✪

യൂറോപ്യൻ ബഹിരാകാശ ഏജൻസിയുടെ ഇരട്ട ഉപഗ്രഹ ദൗത്യമായ പ്രോബ-3 ഇന്ന് PSLV-C59 ഉപയോഗിച്ച് ISRO വിക്ഷേപിക്കും. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ വൈകിട്ട് 4.08നാണ് വിക്ഷേപണം.

ഡെസ്ക് റിപ്പോർട്ട്

.......വോയ്സ്......

ISRO യുടെ വാണിജ്യ വിഭാഗമായ ന്യൂസ്പേസ് ഇന്ത്യാ ലിമിറ്റഡും യൂറോപ്യൻ സ്പേസ് ഏജൻസിയും സഹകരിച്ചാണ് പ്രോബ-3 ദൗത്യം നയിക്കുന്നത്. ESA നിർമിച്ച കൊറോണഗ്രാഫ്, ഒക്യുൽറ്റർ എന്നീ പേടകങ്ങളെ ISRO ഒരൊറ്റ വിക്ഷേപണ വാഹനത്തിൽ ബഹിരാകാശത്തേക്ക് അയക്കുന്ന പ്രത്യേക ദൗത്യമാണ് പ്രോബ-3. ISROയുടെ മറ്റ് ദൗത്യങ്ങൾക്കൊന്നുമില്ലാത്ത ചില പ്രത്യേകതകൾ പ്രോബ-3 ദൗത്യത്തിനുണ്ട്.

സൂര്യന്റെ അന്തരീക്ഷത്തിൽ ഏറ്റവും ബാഹ്യഭാഗത്തുള്ളതും ചൂടേറിയതുമായ കൊറോണയെ കുറിച്ച് പഠിക്കുകയാണ് പ്രോബ-3യിലെ രണ്ട് കൃത്രിമ ഉപഗ്രഹങ്ങളുടെ ലക്ഷ്യം. നിശ്ചിത ഉയരത്തിൽ ഒരു പേടകത്തിന് മുന്നിൽ മറ്റൊരു പേടകം വരുന്ന തരത്തിൽ പ്രത്യേകമായി വിന്യസിക്കപ്പെടുന്ന കൊറോണഗ്രാഫും ഒക്യുൽറ്ററും ബഹിരാകാശത്ത് കൃത്രിമമായി സൂര്യഗ്രഹണം സൃഷ്ടിക്കും. ലോകത്തിലെ ആദ്യത്തെ പ്രിസിഷൻ ഫോർമേഷൻ ഫ്ലൈയിംഗ് ദൗത്യമാണ് പ്രോബ-3 എന്നതാണ് ഏറ്റവും വലിയ സവിശേഷത.

✪✪✪

അകാലിദൾ നേതാവും പഞ്ചാബ് മുൻ ഉപ മുഖ്യമന്ത്രിയുമായ സുഖ്ബീർ സിംഗ് ബാദലിനു നേരെ വധശ്രമം. അമൃത്സറിലെ സുവർണക്ഷേത്ര കവാടത്തിൽ അദ്ദേഹത്തിന് നേരെ വെടിവയ്പ്പുണ്ടായി. സുഖ്ബീർ സിംഗ് ബാദൽ പരിക്കേൽക്കാതെ രക്ഷപ്പെട്ടു. സിഖുകാരുടെ പരമോന്നത സംഘടനയായ അകാൽ തഖ്ത് നൽകിയ ശിക്ഷയുടെ ഭാഗമായി സുഖ്ബീർ സിങ് ബാദൽ സുവർണ ക്ഷേത്രത്തിന് മുന്നിൽ വീൽചെയറിൽ ഇരിക്കുമ്പോഴായിരുന്നു വെടിവയ്പ്.

പ്രവേശന കവാടത്തിൽ വീൽചെയറിൽ ഇരിക്കുമ്പോൾ നരേൻ സിംഗ് എന്നയാളാണ് റിവോൾവർ എടുത്ത് അദ്ദേഹത്തിന് നേരെ വെടിയുതിർത്തത്.

✪✪✪

സുഖ്ബീർ സിംഗ് ബാദലിന് നേരെയുണ്ടായ ആക്രമണത്തെ കേന്ദ്രമന്ത്രി രവ്നീത് സിംഗ് ബിട്ടു അപലപിച്ചു. സംഭവത്തെക്കുറിച്ച് അന്വേഷിക്കണമെന്ന് പാർലമെന്റിന് പുറത്ത് മാധ്യമങ്ങളോട് സംസാരിക്കവേ ബിട്ടു ആവശ്യപ്പെട്ടു. സുഖ്ബീർ സിംഗ് ബാദലിന് നേരെ വെടിയുതിർത്ത നരേൻ സിംഗ് ചൗരയാണ് ബുറൈൽ ജയിൽ ചാട്ടത്തിന്റെ സൂത്രധാരനെന്നും തീവ്രവാദികളെ ജയിലിൽ നിന്ന് രക്ഷപ്പെടാൻ സഹായിച്ചതെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സഹകരണ മേഖലയ്ക്ക് അഭിമാനകരമായ നേട്ടങ്ങളുമായി ശക്തമായി മുന്നോട്ടുപോകാൻ നിയമ ഭേദഗതികളിലൂടെ ഗവണ്മെന്റ് വഴി ഒരുക്കിയിട്ടുണ്ടെന്ന് മന്ത്രി VN വാസവൻ പറഞ്ഞു. അനഭിലഷണീയമായ പ്രവണതകൾ തടയാൻ ശക്തമായ നിയമ സംവിധാനങ്ങൾ ഇന്ന് സംസ്ഥാനത്തുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സമ്പദ് മേഖലയിൽ വൻകിട കോർപ്പറേറ്റുകളെ ചെറുക്കുന്ന ബദൽ മാർഗങ്ങൾ സൃഷ്ടിക്കാൻ കേരളത്തിലെ സഹകരണപ്രസ്ഥാനത്തിന് കരുത്തുണ്ടെന്നും വാസവൻ പറഞ്ഞു. എഴുപത്തിയൊന്നാമത് അഖിലേന്ത്യാ സഹകരണ വാരാഘോഷത്തിന്റെ സമാപനസമ്മേളനം തിരൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ചെറുകിട നാമമാത്ര കർഷകരെ ഉൾപ്പെടുത്തി ഏലം വിള ഇൻഷുർ ചെയ്യുന്നതിന് കുറഞ്ഞ പരിധി രണ്ടര ഏക്കറിൽ നിന്ന് ഒരേക്കറായി കുറച്ച് ഗവണ്മെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. ഒരേക്കറിന് വർഷത്തിൽ 600 രൂപയാണ് ഇൻഷുറൻസ് തുക.

✪✪✪

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വാണിജ്യാടിസ്ഥാന ഓപറേഷന് തുടക്കമായി. ഇതു സംബന്ധിച്ച പ്രഖ്യാപനവും സർട്ടിഫിക്കറ്റ് കൈമാറലും അൽപ്പ സമയത്തിനകം നടക്കും.

✪✪✪

യാത്രാ നിരോധനം ഏർപ്പെടുത്തിയ കാനനപാത ശബരിമല തീർത്ഥാടകർക്കായി തുറന്നു. മുൻവർഷത്തേക്കാൾ കൂടുതൽ ഭക്തരാണ് ഇത്തവണ കാനന പാത തിരഞ്ഞെടുക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി പ്രതിനിധി രതീഷ് കൃഷ്ണ.

.........വോയ്സ്........

യാത്രാ നിരോധനം പിൻ വലിച്ചതിനാൽ കുമളിൽ നിന്നും മുക്കുഴി - സത്രം - പുല്ലുമേട് വഴിയുള്ള കാനനപാതയിലൂടെ ശബരിമല തീർത്ഥാടകർ പ്രവേശിച്ച് തുടങ്ങി. പ്രതികൂല കാലാവസ്ഥയെ തുടർന്ന് തിങ്കളാഴ്ച്ച ഉച്ചയ്ക്ക് മുതൽ കാനന പാതയിലൂടെയുള്ള യാത്ര

താൽക്കാലികമായി നിരോധിച്ചിരുന്നു. സഞ്ചാരയോഗ്യമെന്ന് വനം വകുപ്പിൽ നിന്ന് റിപ്പോർട്ട് ലഭിച്ചതിനെ തുടർന്നാണ് ഭക്തർക്കായി പാത തുറന്നത്. ഇത്തവണത്തെ മണ്ഡലകാലം തുടങ്ങി രണ്ടാഴ്ച്ച പിന്നിട്ടപ്പോൾ തന്നെ 9000 ത്തോളം ഭക്തർ കാനന പാതയിലൂടെ കാൽനടയായി ശബരിമലയിലേക്ക് പോയി. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ സത്രത്തിൽ അയ്യപ്പഭക്തർക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ട്.

✪✪✪

റയിൽവേ സ്റ്റേഷനുകൾ നവീകരിക്കുന്ന കേന്ദ്രഗവൺമെന്റിന്റെ അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ റയിൽവേ സ്റ്റേഷനിലെ പുതിയ കവാടവും ടിക്കറ്റ് കൗണ്ടറും യാത്രക്കാർക്ക് തുറന്ന് നൽകി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.

........വോയ്സ്..........

ഇടതുഭാഗത്ത് അഞ്ചും വലതു ഭാഗത്ത് മൂന്നും ആയി ആകെ എട്ടു കൗണ്ടറുകളാണ് സജ്ജീകരിച്ചിരിക്കുന്നത്.റയിൽവേ സ്റ്റേഷനിൽ എത്തുന്ന യാത്രക്കാർക്ക് ഇനി മുതൽ പുതിയ കവാടത്തിലൂടെ പ്ലാറ്റഫോമിലെത്താം.അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി 13 കോടിയോളം രൂപയുടെ നവീകരണ പ്രവർത്തനങ്ങളാണ് ഷൊർണ്ണൂർ റയിൽവേ സ്റ്റേഷനിൽ നടക്കുന്നത്. അഴുക്കുച്ചാൽ, സുരക്ഷാ ഭിത്തി എന്നിവയുടെ നിർമാണം

അവസാന ഘട്ടത്തിലാണ്. മുഴുവൻ പണികളും  ഈ മാസം അവസാനത്തോടെ പൂർത്തിയാവുമെന്ന് റയിൽവേ അധികൃതർ പറഞ്ഞു.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് FC,  FC ഗോവയെ നേരിടും. ഹൈദരാബാദിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ഷാർജയിൽ അണ്ടർ 19 ഏഷ്യാ കപ്പ് ക്രിക്കറ്റ് ടൂർണമെന്റ് ഗ്രൂപ്പ് A മത്സരത്തിൽ ഇന്ത്യക്കെതിരെ ടോസ് നേടി ബാറ്റിങ് തെരഞ്ഞെടുത്ത UAE ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 25 ഓവറിൽ  അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 88  റൺസെടുത്തു.

ഗ്രൂപ്പ് A യിലെ മറ്റൊരു മത്സരത്തിൽ ദുബായ് രാജ്യാന്തര സ്റ്റേഡിയത്തിൽ ജപ്പാനെതിരെ ടോസ് നേടിയ പാകിസ്താൻ പാകിസ്താൻ 30  ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 118 റൺസ് നേടിയിട്ടുണ്ട്.

✪✪✪

മസ്കറ്റിൽ പുരുഷ ഹോക്കി ജൂനിയർ ഏഷ്യാ കപ്പിൽ  ഇന്ത്യ  ഇന്ന് ഫൈനലിൽ പാകിസ്ഥാനെ നേരിടും.

ഇന്നലെ രണ്ടാം സെമിയിൽ മലേഷ്യയെ 3-1ന് പരാജയപ്പെടുത്തിയാണ് നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യയുടെ  ഫൈനൽ പ്രവേശം.

✪✪✪

ലോക ചെസ് ചാമ്പ്യൻഷിപ്പിലെ എട്ടാം മത്സരം ഇന്ന് സിങ്കപ്പൂരിൽ. ഇന്നലെ ഏഴാം മത്സരം സമനിലയിൽ പിരിയുകയായിരുന്നു.

ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ D ഗുകേഷും, ഇപ്പോഴത്തെ ലോകചാമ്പ്യൻ ചൈനയുടെ ഡിങ് ലിറനും ചാമ്പ്യൻഷിപ്പിൽ മൂന്നര പോയിന്റ് വീതം നേടി ഒപ്പത്തിനൊപ്പമാണ്.

✪✪✪

കാഴ്ച പരിമിതർ നേരിടുന്ന വെല്ലുവിളികൾ നേരിട്ട് അനുഭവിക്കാൻ മറ്റുള്ളവർക്കും അവസരം നൽകുന്നതിനായി മലപ്പുറം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നാളെ  ഒരു ദിവസത്തേക്ക് 'ഡാർക്ക് റൂം' ഒരുക്കും. അന്താരാഷ്ട്ര ഭിന്നശേഷി  ദിനാചരണത്തിന്റെ തുടർച്ചയായ രാവിലെ 10 മണി മുതലാണ് കാഴ്ചപരിമിതരുടെ ലോകം മറ്റുള്ളവർക്കും അനുഭവവേദ്യമാക്കുന്ന വ്യത്യസ്തമായ പരിപാടി ജില്ലാഭരണ കാര്യാലയം ഒരുക്കുന്നത്.